പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3062

28.1.2014- ൽ
മറുപടിക്ക്

# കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ജി.സുധാകരൻ<br>,, കെ.ദാസൻ<br>,, സി.കൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ): കയർ തൊഴിലാളികൾക്ക് പ്രഖ്യാപിച്ച കൂലിക്ക് അനുസരിച്ചുള്ള ബോണസ് നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ; ഇതു പ്രകാരം തൊഴിലാളികൾക്ക് ബോണസ് ലഭിക്കുന്നില്ലായെന്ന കാര്യം അറിവുള്ളതാണോ; | (എ): കയർ തൊഴിലാളികൾക്ക് പ്രഖ്യാപിച്ച കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം സർക്കാർ നൽകുന്നു. ഈ പദ്ധതി കയർപിരി മേഖലയിലും ഡിഫൈബറിംഗ് മേഖലയിലും നടപ്പാക്കിയിട്ടുണ്ട്. ഇതു പ്രകാരം സംഘം വിഹിതവും സർക്കാർ വിഹിതവും ചേർന്നതാണ് അർഹമായ കൂലി. സംഘങ്ങൾ അവർ നൽകുന്ന കൂലി കണക്കാക്കിയുള്ള ബോണസ്സാണ് നൽകി വരുന്നത്. സർക്കാർ നൽകുന്ന കൂലിയുടെ വിഹിതത്തിന് സർക്കാരിൽനിന്ന് ബോണസ് നൽകുന്നതിന് നിലവിൽ പദ്ധതികളില്ല. |
| ബി) കയർഫെഡ് കയർ സഹകരണ സംഘങ്ങൾ കയറിന് നൽകുന്ന നാമമാത്രമായ വില പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) കയർ സഹകരണ സംഘങ്ങളിൽ നിന്നും കയർഫെഡ് സംഭരിക്കുന്ന കയറിന് നൽകുന്ന വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് ശോച്യാവസ്ഥയിലുള്ള കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ